MONDAY 06-06-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : Sunilkumar R          Editor : Dr Asha T T



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-06/06/2022.

1. കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് - AIF) യിലേക്ക് https://agriinfra.dac.gov.in/ എന്ന ഓൺലൈൻ പോർട്ടൽ വഴിയാണ് അപേക്ഷിക്കാവുന്നതാണ്. ബെനഫിഷറി രജിസ്ട്രേഷൻ (Beneficiary registration) എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്തതിനു ശേഷം ഒറ്റിപി (OTP) നൽകി രജിസ്റ്റർ ചെയ്യുക. തുടർന്ന് ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങൾ ചേർക്കുക. അപേക്ഷകൾ പരിശോധനയ്ക്ക് ശേഷം വിലയിരുത്തുന്നതിനായി ബാങ്ക് ശാഖയിലേക്ക് മാറ്റും. ബാങ്ക് പ്രതിനിധികൾ പരിശോധിച്ചതിനുശേഷം ക്രെഡിറ്റ് ഗ്യാരണ്ടിയോടു കൂടി സി ജി റ്റി എം എസ് ഇ (Credit Guarantee Fund Trust for Micro and Small Enterprises (*CGTMSE*)) -ൽ രജിസ്റ്റർ ചെയ്ത് ഷെഡ്യൂൾ പ്രകാരം ബാങ്കുകൾ വായ്പകൾ വിതരണം ചെയ്യുന്നതാണ്. ഓരോ ഘട്ടത്തിലും വായ്പ വിവരങ്ങൾ സന്ദേശമായി രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിൽ അപേക്ഷകന് ലഭിക്കുന്നു. കർഷകർ, കർഷക സംഘങ്ങൾ (FPO's, FPO കൂട്ടായ്മകൾ, JLG, SHG, SHG കൂട്ടായ്മകൾ), കാർഷിക സംരംഭങ്ങൾ, മറ്റു സഹകരണ സ്ഥാപനങ്ങൾ (മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നാഷണൽ ഫെഡറേഷൻസ് ഓഫ് കോഓപ്പറേറ്റീവ്സ്, പ്രാഥമിക കാർഷിക സഹകരണ സംഘം), കേന്ദ്ര /സംസ്ഥാന/പ്രാദേശിക ഗവൺമെന്റുകൾ പ്രോത്സാഹിപ്പിക്കുന്ന പിപിപി പദ്ധതികളുടെ ഏജൻസികൾ, കയറ്റുമതി സംഘങ്ങൾ തുടങ്ങിയവർക്ക് ഈ ധനസഹായ പദ്ധതിയിലേക്ക് അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **916235277042 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം) , 917010994083 (ഇടുക്കി, എറണാകുളം), 918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട്, കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

2. ക്ഷീര ദിനത്തോടനുബന്ധിച്ച് നടത്തുന്ന ക്ഷീരദിനാഘോഷത്തിൽ ഇന്ന് (ജൂൺ 6) പാലക്കാട് ജില്ലയിലെ ക്ഷീരസംഘങ്ങളുടെ വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നതിനായി സോളാർ യൂണിറ്റ്, കുറഞ്ഞ ചെലവിൽ ക്ഷീരകർഷകർക്ക് വയ്ക്കോൽ ലഭ്യമാക്കുന്നതിന് ബെയിലിംഗ് യൂണിറ്റ് എന്നിവയുടെ ഉദ്ഘാടനം മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും.

3. കൃഷി വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിനുള്ളിലെ കൃഷി ബിനിനസ് കേന്ദ്രയിൽ. കുറ്റ്യാടി, മലയൻ ഗ്രീൻ എന്നീ ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ 100 രൂപ നിരക്കിൽ വിൽപനയ്ക്കായി തയ്യാറായതായി കൃഷി ബിസിനസ് കേന്ദ്ര മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **8281635530** എന്ന നമ്പരിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ വെണ്ട, തക്കാളി, വഴുതന, പാവൽ, കറിവേപ്പ്, പുതിന, വള്ളി ചീര, മുരിങ്ങ (അനുപമ) എന്നിവയുടെ തൈകൾ വില്പനയ്ക്കുണ്ട്. വില്പന സമയം 9 മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് **9188248481** എന്ന ഫോൺ നമ്പറിൽ ബന്ധപെടുക.

5. കേരള കാർഷിക സർവ്വകലാശാല വിജ്ഞാനവ്യാപന ഡയറക്ടറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻറർ ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി **കാർഷിക സർവ്വകലാശാല വിദ്യാലയങ്ങളിലേക്ക്** എന്ന പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ജീവിതത്തിലെ എല്ലാ നല്ല അനുഭവങ്ങളും സെൽഫിയിലൂടെ പ്രദർശിപ്പിക്കുന്ന ഇന്നത്തെ യുവ തലമുറയ്ക്ക് **"പ്രകൃതിയുമായി ഒരു സെൽഫി"** എന്ന മത്സരം സംഘടിപ്പിക്കുന്നു. ഈ മത്സര പരിപാടിയിൽ സമർപ്പിക്കേണ്ട ഫോട്ടോ 4:3 ആസ്പെക്ട് അനുപാതത്തിൽ ആയിരിക്കണം. https://forms.gle/2KGgdufKLA6zzpP29 എന്ന ഗൂഗിൾ ഫോമിൽ അപ്പ്ലോഡ് ചെയ്യുന്നതിന് മുമ്പായി ജെപിജി ഫോർമാറ്റിലാണ് ചിത്രം എന്നും മറ്റ് സോഷ്യൽ മീഡിയകളിൽ ഒന്നും തന്നെ നേരത്തെ ഇവ പോസ്റ്റ് ചെയ്തിട്ടില്ല എന്നും ഉറപ്പ് വരുത്തേണ്ടതാണ്. ഗൂഗിൾഫോം അപ്പ്ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതി ഈ മാസം 13 (ജൂൺ 13) ആണ്.

**പരിശീലന പരിപാടികൾ**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം നാളെ (07.06.22) **ബോൺസായി, ടെറേറിയം** എന്നിവയുടെ നിർമ്മാണത്തെക്കുറിച്ച് ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ **6282937809, 04662912008, 04662212279** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

7. കേരള വെറ്ററിനറി സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി ലൈവ് സ്റ്റോക്ക് ഫാമിന്റെ ആഭിമുഖ്യത്തിൽ ഒരു വർഷം ദൈർഘ്യമുള്ള സ്റ്റൈപ്പന്റോടു കൂടിയ പരിശീലന പരിപാടിയായ 'ഫോഡർ ക്രോപ് ഡെവലപ്മെന്റ് ആർമി' യിലേക്കുള്ള നേരിട്ടുള്ള അഭിമുഖം ഈ മാസം 10-ന് (10.06.2022) രാവിലെ 10 മണിക്ക് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.kvasu.ac.in. എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **0487-2370302, 9526862274** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക..

8. മലമ്പുഴ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് **പശു വളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 09-ന് (09/06/22ന്) രാവിലെ 10 മണി മുതൽ 4 മണി വരെ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0491 - 2815454** എന്ന ഫോൺ നമ്പറിലേക്ക് വിളിച്ചോ, **9188522713** എന്ന നമ്പരിലേക്ക് വാട്ട്സാപ്പ് സന്ദേശം അയച്ചോ മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനത്തിന് പങ്കെടുക്കുന്നവർ ആധാർ കാർഡ് കൊണ്ടുവരേണ്ടതാണെന്ന് മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ **ജൂൺ** 09, 10 തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.